ഒന്നിലധികം വ്യക്തികൾ ചേർന്നും സംയുക്ത സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്ന എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച്, അപേക്ഷ പരിഗണിച്ച് അർഹമായ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യുന്നതിന് ഒരു ജില്ലാതല കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. ഈ പദ്ധതിയെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും സംസ്ഥാന സർക്കാരിന് ഉപദേശം നൽകുന്നതിനായി വകുപ്പുമന്ത്രി ചെയർമാനായ ഒരു സംസ്ഥാനതല കമ്മിറ്റിയുണ്ട്. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(സി) ഇതുകൂടാതെ 2002-2003 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രത്യേക തൊഴിൽദാനപദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു: അതു സംബന്ധിച്ച് വിശദമായ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി, ഇ) പരിശോധിച്ച് മറുപടി നൽകുന്നതാണ്

കരിമണലിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

*21 [622] ശ്രീ. എം. മുരളി:
„ സി. പി. മുഹമ്മദ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. എ. ചന്ദ്രൻ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്ന് കരിമണൽ ഖനനം ചെയ്യുവാൻ അനുവാദം കൊടുത്തിട്ടുള്ളവരിൽ ആരെല്ലാമാണ് കരിമണൽ കൊണ്ട് വാല്യൂ ആഡഡ് ഉൽപ്പന്നങ്ങൾ നിർമ്മിക്കാമെന്നേറ്റിട്ടുള്ളത്;

(ബി) എന്തെല്ലാം ഉൽപ്പന്നങ്ങൾ നിർമ്മിക്കാമെന്നാണ് ഇവർ സമ്മതിച്ചിട്ടുള്ളത്;

(സി) ഇപ്രകാരമുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറിയിൽ എത്ര പേർക്ക് തൊഴിൽ ലഭിക്കും എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) പൊതുമേഖലാ സ്ഥാപനങ്ങളായ ഐ. ആർ. ഇ. എൽ., കെ. എം. എം. എൽ. എന്നീ രണ്ടു കമ്പനികൾക്കാണ് കരിമണൽ ഖനനത്തിനുള്ള അനുവാദം നൽകിയിട്ടുള്ളത്. ഈ രണ്ട് കമ്പനികളും വാല്യൂ ആഡഡ് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

(ബി) കെ. എം. എം. എൽ. ഇൽമനൈറ്റ് വേർതിരിച്ച് ടൈറ്റാനിയം ഡയോക്സൈഡ് ഉണ്ടാക്കുന്നു. ഇതു കൂടാതെ സിർക്കോണും റൂട്ടൈലും ഉൽപ്പാദിപ്പിക്കുന്നു. ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കൺ, സിലിമനൈറ്റ്, മോണോസൈറ്റ് എന്നിവ ഐ. ആർ. ഇ. എൽ. ഉൽപ്പാദിപ്പിക്കുന്നു. കൂടാതെ മോണസൈറ്റ് കൂടുതൽ സംസ്കരിച്ച് ഐയർ എർത്ത്സ് കോമ്പൗണ്ടുകളും ഉൽപ്പാദിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഐ. ആർ. ഇ. എൽ.-ൽ മൊത്തം 1047-ഓളം തൊഴിലാളികളും കെ. എം. എം. എൽ.-ൽ മൊത്തം 1950-ഓളം തൊഴിലാളികളും ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിക്കാൻ നടപടി

*22 [623] ശ്രീ. എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുക, ഏകോപിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങളും സഹായങ്ങളും നൽകുക എന്നീ ഉദ്ദേശ്യങ്ങളോടെ ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ നിയോജകമണ്ഡലത്തിൽ ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ നടത്തി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ സർക്കാർ പ്രോത്സാഹനം നൽകുമോ;

(ഡി) ഇത്തരം ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ വഴി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സർക്കാർ, നിയമപരമായ ഇളവുകളും സാമ്പത്തികാനുകൂല്യങ്ങളും നൽകാൻ തയ്യാറാകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ, ബി) ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുവാൻ ആലോചനയില്ല, എന്നാൽ ആഗോള നിക്ഷേപക സമ്മേളനത്തിനു മുൻപായി കേരളത്തിലെ വ്യവസായ കരുടെ സമ്മേളനം സംഘടിപ്പിച്ചിരുന്നു.

(സി, ഡി) ചെറുകിട ഇടത്തരം വ്യവസായമേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി ജില്ലാതല, സംസ്ഥാനതല കൺവെൻഷനുകളും റോഡ് ഷോകളും നടത്തുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. പുതിയതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് നിയമപരമായ ഇളവുകളും സാമ്പത്തികാനുകൂല്യങ്ങളും നൽകുന്നുണ്ട്.

അനധികൃതമായി നിവോൾവിംഗ് ലൈറ്റ് ഉപയോഗിക്കുന്നവർക്കെതിരെ നടപടി

*23 [624] ശ്രീ. ടി. പി. എം. സാഹിർ:
,, യു. സി. രാമൻ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly